**29/09/2021**

**7. <u>H5/55820/2021</u>**: തിരുവനന്തപുരം മുനിസിപ്പൽ പരിധിയിൽ വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ള കരട് നിയമാവലി – 2021 അംഗീകരിച്ച് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്ക് അനുമതി നൽകി തീരുമാനിച്ചു.

## വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് നിയമാവലി 2021

I 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (199420–ാം ആക്റ്റ്) 437 വകുപ്പു പ്രകാരം വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് കോർപ്പറേഷനിൽ നിക്ഷിപ്തമായ ചുമതലയായതിനാലും, 2001–ലെ മൃഗങ്ങളുടെ ജനന നിയന്ത്രണം (നായകൾ) ചട്ടങ്ങൾ പ്രകാരം പേ വിഷബാധ തടയേണ്ട ചുമതല നടപ്പിലാക്കേണ്ടതിനാൽ വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ് നൽകുന്നത് സംബന്ധിച്ച ഒരു ബൈലോ അനിവാര്യമാണെന്ന് കാണുന്നതിനാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനു വേണ്ടി കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 567 പ്രകാരം വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് നൽകാൻ ബൈലോ 2021വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

II **പേരും നിലവിൽ വരുന്ന തീയതിയും**

**എ.** വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ബൈലോ 2021

**ബി.** ഈ ബൈലോ ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

III **വിജ്ഞാപനത്തിന്റെ പ്രയോഗപരിധി**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ അധികാര പരിധിയിൽ

IV **നിർവചനങ്ങൾ /വ്യാഖ്യാനങ്ങൾ**

1. "ആക്റ്റ്" എന്നാൽ 1994–ലെ കേരള മുനിസിപ്പൽ ആക്റ്റ് (1994–ലെ 20–ാം) എന്നർത്ഥമാക്കുന്നു.

2. "ബ്രീഡർ" – മൃഗങ്ങളെ വാണിജ്യാവശ്യത്തിനായി പ്രജനനം നടത്തി വിൽപ്പന നടത്തുന്ന വ്യക്തി.

3. "ബ്രീഡർ" ലൈസൻസ് – മൃഗങ്ങളെ വാണിജ്യാവശ്യത്തിനായി പ്രജനനം നടത്തി വിൽപ്പന നടത്തുന്നതിനു വേണ്ടിയുള്ള ലൈസൻസ്.
4. "കൗൺസിൽ – എന്നാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ എന്നർത്ഥമാക്കുന്നു.
5. "കോർപ്പറേഷൻ" – എന്നാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നുദ്ദേശിക്കുന്നു.
6. "വളർത്തുമൃഗം" – വിനോദത്തിനായോ ഓമനമൃഗമായോ വളർത്തി വരുന്ന മൃഗം.
7. "മേയർ" – തിരുവനന്തപുരം കോർപ്പറേഷൻ മേയർ
8. "ലൈസൻസ്" – എന്നാൽ ഈ ബൈലോ പ്രകാരം വളർത്തുന്ന മൃഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള ലൈസൻസ്.
9. "ലൈസൻസി" –ഈ ബൈലോ പ്രകാരം നൽകിയ ലൈസൻസ് നേടിയ വ്യക്തി.
10. "ഉടമസ്ഥൻ" – എന്നാൽ

എ. ഈ ബൈലോ പ്രകാരം വളർത്തുമൃഗത്തിന് ലൈസൻസ് നേടിയ ആൾ.

അല്ലെങ്കിൽ

ബി. വളർത്തുമൃഗത്തിന്റെ സ്വാഭാവിക വാസസ്ഥലം ആരുടെ ഉടമസ്ഥതയിലാണോ അയാൾ.

11. "സെക്രട്ടറി" – എന്നാൽ കേരളാ മുനിസിപ്പാലിറ്റി ആക്റ്റ്, 1994– 48–ാം വകുപ്പ് അനുസരിച്ച് നിയമിക്കപ്പെട്ട സെക്രട്ടറിയാകുന്നു.

12. "ചട്ടങ്ങൾ" – ചട്ടങ്ങൾ എന്നാൽ 2001–ലെ മൃഗങ്ങളുടെ ജനന നിയന്ത്രണം (നായകൾ) ചട്ടങ്ങൾ എന്നർത്ഥമാക്കുന്നു.

V **വളർത്തു മൃഗങ്ങൾക്കുള്ള ലൈസൻസ്**

എ. കോർപ്പറേഷൻ പരിധിയിൽ വളർത്തുമൃഗങ്ങൾക്ക് ഈ ബൈലോ പ്രകാരം അനുവദിക്കുന്ന ലൈസൻസ് നേടേണ്ടതാണ്.

ബി. ഈ ബൈലോ പ്രകാരം ഒരു വളർത്തുമൃഗത്തിനെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും പുതുതായി ലൈസൻസിന് അപേക്ഷിക്കുമ്പോഴോ,പുതുക്കുമ്പോഴോ താഴെപറയുന്ന രേഖകൾ കോർപ്പറേഷൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ അപേക്ഷകന്റെ പേര്, മേൽവിലാസം, മറ്റു വിവരങ്ങളും വളർത്തുമൃഗത്തിന്റെ പ്രായം, ഇനം, വയസ്സ്, ലിംഗം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

2. വളർത്തുമൃഗം പൂച്ചയോ, നായയോ ആണെങ്കിൽ ഒരു വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയ പേ വിഷബാധയ്ക്കെതിരായ വാക്സിനേഷൻ സർട്ടിഫിക്കറ്റും അതിൽ ഏത് വാക്സിനാണെന്നും അതിന്റെ കാലാവധിയും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

VI **ബ്രീഡർ ലൈസൻസ്**

1. എ. വന്ധീകരിക്കാത്ത മൃഗങ്ങളെ വാണിജ്യപരമായി പ്രജനനം നടത്തുകയും ആയതിൽ നിന്നുണ്ടാകുന്ന കുട്ടികളെ വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസിന് നിശ്ചിത ഫീസ് ഒടുക്കി ബ്രീഡർ ലൈസൻസ് കോർപ്പറേഷനിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

ബി. എല്ലാ ലൈസൻസികളും അവർക്ക് അനുവദിച്ചിട്ടുള്ള ലൈസൻസ് ടി സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

സി. ഏതു സ്ഥലത്താണോ മൃഗങ്ങളെ വാണിജ്യപരമായി പ്രജനനം നടത്തുന്നത്/വളർത്തുന്നത്/സൂക്ഷിക്കുന്നത് ടി സ്ഥാപനങ്ങൾ എപ്പോൾ വേണമെങ്കിലും കോർപ്പറേഷനിലെ ബന്ധപ്പെട്ട അധികാരികൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

VII(എ) **ബ്രീഡർ ലൈസൻസികളുടെ/ലൈസൻസികളുടെ ചുമതലകൾ**

1. മൃഗത്തിനെവളർത്തുന്ന ആൾ (ബ്രീഡർ) അവയുടെ പ്രജനനം ഭക്ഷണക്രമം, ആരോഗ്യം, സ്വഭാവം, പരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് അറിവുള്ള വ്യക്തി ആയിരിക്കണം.

2. പൂർണ്ണ ആരോഗ്യമുള്ള പ്രജനനത്തിന് പ്രായമായ മൃഗങ്ങളെ മാത്രമേ ബ്രീഡിംഗിന് വേണ്ടി ഉപയോഗിക്കാൻ പാടുള്ളു.

3. ഏതൊരു മൃഗത്തെയും അതിന്റെ തുടർച്ചയായ പ്രജന കാലയളവിൽ പ്രജനനത്തിനായി ഉപയോഗിക്കാൻ പാടില്ല.

4. മൃഗങ്ങളെ വൃത്തിയുള്ള സാഹചര്യങ്ങളിൽ മാത്രമേ വളർത്താൻ പാടുള്ളു. ആയതിന് ആവശ്യമുള്ള സജ്ജീകരണങ്ങൾ/സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

5. മൃഗങ്ങളെ വളർത്തുന്ന സ്ഥാപനങ്ങൾ കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. മൃഗങ്ങളെ ബ്രീഡ് ചെയ്യുന്ന സ്ഥാപനത്തിൽ ഓരോ മൃഗത്തിനും ജനിക്കുന്ന കുട്ടികളുടെ എണ്ണവും മറ്റു വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനൊപ്പം ഇവയെ വാങ്ങുന്ന വ്യക്തികളുടെ വിവരങ്ങളും രേഖപ്പെടുത്തേതാണ്.

6. പൂച്ചകുട്ടികളെയും, നായകുട്ടികളെയും 8 മുതൽ 9 ആഴ്ച പ്രായമാകുമ്പോൾ തന്നെ പേ വിഷബാധയ്ക്കെതിരായ പ്രതിരോധ കുത്തിവയ്പ് നൽകേണ്ടതാണ്.
7. അയൽപക്കക്കാർക്കും/മറ്റുള്ളവർക്കും ശല്യമാകാത്ത രീതിയിൽ വേണം ലൈസൻസി മൃഗങ്ങളെ പരിപാലിക്കേണ്ടത്. അസഹനീയമായ ശബ്ദം, മാലിന്യം, മാലിന്യത്തിൽ നിന്നുള്ള ദുർഗന്ധം എന്നിവ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) **മൃഗസംരക്ഷണ/പരിപാലന കേന്ദ്രങ്ങൾക്കുള്ള ലൈസൻസ്**

1. അസുഖം ബാധിച്ചവർ/സാരമായി പരുക്കേറ്റവ,തെരുവിൽ ഉപേക്ഷിക്കപ്പെട്ടവ, ഉടമസ്ഥൻ സ്ഥലത്തില്ലാത്തതു കാരണം താൽക്കാലികമായി സംരക്ഷണം ഏൽപ്പിച്ചവർ തുടങ്ങിയ രീതിയിൽ മൃഗങ്ങളെ സംരക്ഷിക്കുന്ന വ്യക്തികളോ സംഘടനകളോ നടത്തുന്ന കേന്ദ്രങ്ങൾ ലൈസൻസ് നേടിയിരിക്കണം.

വളർത്തുമൃഗങ്ങളെ താൽക്കാലികമായി പരിപാലിക്കുന്ന കേന്ദ്രങ്ങൾ പെറ്റ് ഹോസ്റ്റലുകൾ, പെറ്റ് ബോർഡിംഗ് സെന്ററുകൾ തുടങ്ങിയവയും ഈ ഗണത്തിൽപ്പെടുന്നതാണ്.

VIII **അപേക്ഷാഫോറം**

മൃഗങ്ങളെ വളർത്തുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷയ്ക്ക് അനുബന്ധത്തിലെഫോറം 1 കാണുക. വളർത്തുമൃഗങ്ങളെ ബ്രീഡിംഗ് ആവശ്യത്തിനു വേണ്ടി വളർത്തുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷയ്ക്ക്
അനുബന്ധത്തിലെ ഫോറം 2 കാണുക.പരിപാലനം/ സംരക്ഷണകേന്ദ്രങ്ങൾക്കായുള്ള ലൈസൻസിന് അനുബന്ധത്തിലെ ഫോറം 3 കാണുക. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറത്തിൽ മാത്രമേ ലൈസൻസിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയുള്ളു.

IX **ലൈസൻസ് ഫീസ്**

ഒരു മൃഗത്തിന് 250/- രൂപ എന്ന തോതിൽ ലൈസൻസ് ഫീസ് ആയി വളർത്തുമൃഗത്തിന്റെ ഉടമസ്ഥൻ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്. ഒരു നായയ്ക്ക് 1000/- രൂപ എന്ന തോതിൽ ബ്രീഡർ ലൈസൻസ് ഫീസ് ആയി വളർത്തുമൃഗത്തിന്റെ ഉടമസ്ഥൻ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്. (മൈക്രോചിപ്പ് ഫീ ഉൾപ്പെടുന്നതിൽ). സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീസായി 1,000/- രൂപ കോർപ്പറേഷനിൽ ഒടുക്കേണ്ടതാണ്. ലൈസൻസിന്റെ കാലാവധി ഒരു വർഷമാണ്.

X **ലൈസൻസ് അനുവദിക്കാനുള്ള മാനദണ്ഡം**

1. ലൈസൻസുള്ള മൃഗത്തിന്റെ ഉടമസ്ഥൻ ആയതിനെ തന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെട്ടിയിട്ടോ കൂട്ടിലിട്ടോ വളർത്തേണ്ടതാണ്.
2. ലൈസൻസ് അനുവദിക്കുന്നതോടൊപ്പം തന്നെ പ്രസ്തുത വളർത്തുമൃഗത്തിനെ കോർപ്പറേഷൻ അനുശാസിക്കുന്ന മൈക്രോ ചിപ്പിങ്ങിനും വിധേയമാക്കേണ്ടത് ഉടമയുടെ ഉത്തരവാദിത്വമാണ്.
3. ഏതൊരാളും അയൽപക്കത്തുള്ള ആൾക്ക് ശല്യമോ ആപത്തോ ഉണ്ടാക്കുന്ന രീതിയിൽ തന്റെ നിയന്ത്രണത്തിലോ പരിസരത്തോ മൃഗങ്ങളെ വളർത്താൻ പാടില്ല.
4. കോർപ്പറേഷൻ പരിധിയിൽ സാധാരണ ഗതിയിൽ ഒരാൾക്ക് പരമാവധി 2 നായകളെ മാത്രമേ വാണിജ്യപരമല്ലാത്ത ആവശ്യങ്ങൾക്ക് വളർത്താൻ അനുവാദമുള്ളു. ഒന്നിൽ കൂടുതൽ നായകളെ വളർത്തുമ്പോൾ ഓരോ നായക്കും പ്രത്യേകം ലൈസൻസ് നേടേണ്ടതാണ്.ഏതെങ്കിലും കാരണത്താൽ വളർത്തുന്ന നായകളുടെ എണ്ണം 2-ൽ കൂടുകയാണെങ്കിൽ ആയത് ഉടൻ തന്നെ രേഖാമൂലം പ്രത്യേക അനുമതി വാങ്ങിക്കേണ്ടതുമാണ്. 2 ൽ കൂടുതൽ ഉള്ള നായകളെ വളർത്തുവാനുള്ള പ്രത്യേക ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം കൗൺസിലിനായിരിക്കും.

5. കോർപ്പറേഷൻ വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നത് ഒരു വ്യക്തിക്ക് കോർപ്പറേഷനിൽ നൽകിയ അപേക്ഷയിൽ പറഞ്ഞിട്ടുള്ള സ്ഥലത്ത് വളർത്തുവാൻ വേണ്ടിയാണ്. അപ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസ് വളർത്തുമൃഗത്തിന്റെ ഉടമസ്ഥൻ തന്റെ വളർത്തുമൃഗത്തിനെ കൈമാറ്റം ചെയ്താൽ പുതിയതായി ഉടമസ്ഥാവകാശം കിട്ടുന്ന വ്യക്തി ആയത് 30 ദിവസത്തിനകം കോർപ്പറേഷനെ മുൻലൈസൻസിന്റെ ഒറിജിനൽ, ഉടമസ്ഥാവകാശം സ്ഥാപിച്ച/ ലഭിച്ച രേഖകൾ പുതിയ ഉടമസ്ഥന്റെ തിരിച്ചറിയൽ രേഖകൾ സഹിതം കോർപ്പറേഷനിൽ ലൈസൻസ് കൈമാറ്റം ചെയ്തു ലഭിക്കാനുള്ള അപേക്ഷ നൽകേണ്ടതുമാണ്.

6. സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് നേടുന്ന ആൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷയിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം, ഉടമസ്ഥാവകാശം (സ്വന്തം/വാടക) കെട്ടിട നമ്പർ, സ്ഥാപനത്തിലെ സൗകര്യങ്ങൾ, മൃഗങ്ങളുടെ പരമാവധി എണ്ണം, ശല്യം, മാലിന്യം സംസ്ക്കരിക്കാനുള്ള സംവിധാനം, സുരക്ഷാ സംവിധാനം, പരിപാലനം നടത്തുന്ന ആളിന്റെ പേര്, യോഗ്യത എന്നിവ രേഖപ്പെടുത്തി ആവശ്യമായവയുടെ പകർപ്പ് സഹിതം സെക്രട്ടറിക്കോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ആൾ സമർപ്പിക്കേണ്ടതാണ്.

XI **ലൈസൻസ് അനുവദിക്കൽ/പുതുക്കൽ**

1. ഓരോ വർഷവും ലൈസൻസ് പുതുക്കേണ്ടതാണ്, 5 വർഷത്തേയ്ക്ക് ഒരുമിച്ച് ലൈസൻസ് എടുക്കാവുന്നതാണ്. എന്നാൽ പ്രതിരോധ കുത്തിവയ്പിന്റെ കാലാവധി തീരുന്ന മുറയ്ക്ക് വീണ്ടും കുത്തിവയ്പ് എടുക്കേണ്ടതാണ്. കുത്തിവയ്പ് എടുത്തിട്ടില്ലായെങ്കിൽ ലൈസൻസ് സ്വമേധയാ റദ്ദാക്കുന്നതാണ്.

2. ലൈസൻസ് പുതുക്കാനുള്ള അപേക്ഷ ലൈസൻസ് കാലാവധി തീരുന്നതിന് 30 ദിവസം മുമ്പ് നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം വാക്സിനേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. കാലാവധിയ്ക്കകത്ത് ലൈസൻസ് എടുക്കാത്തപക്ഷം 500 രൂപ പിഴ ഒടുക്കി 30 ദിവസത്തിനകം ലൈസൻസ് പുതുക്കാവുന്നതാണ്. 30 ദിവസം കഴിഞ്ഞാൽ പുതിയ ലൈസൻസ് എടുക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തന്നെ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണ്.

4. പേവിഷബാധയ്ക്കെതിരായുള്ള കുത്തിവയ്പു മൂലം ലഭിക്കുന്ന പ്രതിരോധ കാലയളവ് എത്രയാണോ ആ കാലയളവിലേയ്ക്കു മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളു.

XII **ബൈലോയുടെ നടപ്പാക്കൽ**

1. കോർപ്പറേഷൻ സെക്രട്ടറി 2001–ലെ മൃഗങ്ങളുടെ ജനന നിയന്ത്രണം (നായകൾ) ചട്ടങ്ങൾ, ചട്ടം (7) പ്രകാരം അലഞ്ഞുതിരിയുന്ന നായകളെ പിടി കൂടി വന്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ബൈലോയിൽ പറയുന്ന സെക്രട്ടറിയുടെ അധികാരങ്ങൾ മറ്റു ഉദ്യോഗസ്ഥർക്ക് രേഖാമൂലം ഏൽപ്പിച്ചുകൊടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

3. ലൈസൻസ് നൽകുന്നതും പുതുക്കി നൽകുന്നതും സംബന്ധിച്ച് ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ് (അനുബന്ധത്തിലെ ഫോറം 4 കാണുക).

4. ഏതെങ്കിലും മൃഗത്തെ പേവിഷ ബാധയുള്ള നായയോ, മറ്റു മൃഗങ്ങളോ പേവിഷബാധ പകരുവാൻ തക്കവിധത്തിൽ കടിക്കുകയോ പോറൽ ഏൽപ്പിക്കുകയോ ചെയ്തുവെന്ന് സംശയമോ, അഭിപ്രായമോ ഉണ്ടെങ്കിൽ ആയത് എത്രയും പെട്ടെന്ന് ഉടമസ്ഥൻ / കൈവശക്കാരൻ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

5. ലൈസൻസിനുള്ള അപേക്ഷ നൽകി 15 ദിവസത്തിനകം ലൈസൻസ് അനുവദിക്കാത്തപക്ഷം, നിബന്ധനകളെല്ലാം പാലിച്ചിട്ടിട്ടുവെങ്കിൽ ലൈസൻസ് അനുവദിച്ചതായി കരുതാവുന്നതാണ്.

## XIII ലൈസൻസ് റദ്ദാക്കൽ

1. ലൈസൻസുളള വളർത്തുമൃഗം മരണപ്പെട്ടാൽ ഒരറിയിപ്പു കൂടാതെ ലൈസൻസ് റദ്ദാക്കുന്നതാണ്. ആയത് ലൈസൻസി രേഖാമൂലം അറിയിക്കേണ്ടതാണ്.
2. ലൈസൻസുള്ള വളർത്തുമൃഗത്തിനെ മറ്റൊരു തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലേയ്ക്ക്/ മറ്റൊരു വ്യക്തിക്ക് കൈമാറ്റം ചെയ്താൽ ലൈസൻസ് റദ്ദാക്കുന്നതാണ്. കൈമാറ്റം ചെയ്താൽ ആയത് ലൈസൻസി രേഖാമൂലം അറിയിക്കേണ്ടതാണ്.
3. തിരുവനന്തപുരം കോർപ്പറേഷന്റെ വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് സംബന്ധിച്ച ബൈലോയുടെ ഏതെങ്കിലും വ്യവസ്ഥകൾ തുടർച്ചയായി 3 പ്രാവശ്യം ലംഘിച്ചാൽ.
4. സ്ഥാപനം നിർത്തൽ ചെയ്താൽലൈസൻസ് റദ്ദാക്കുന്നതാണ്.ആയത് യഥാസമയം അറിയിക്കേണ്ടതാണ്.
5. സ്ഥാപനം കൈമാറ്റം ചെയ്താൽ 7 ദിവസത്തിനകം അറിയിക്കേണ്ടതാണ്. ലഭിച്ച വ്യക്തിയുടെ പേരിലേയ്ക്ക് ലൈസൻസ് കൈമാറ്റം ചെയ്യേണ്ടതാണ് അല്ലാത്തപക്ഷം ലൈസൻസ് റദ്ദാക്കുന്നതാണ്.

## XIV ശിക്ഷാ നടപടികൾ

**1.** ബൈലോയുടെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ 1000/- രൂപ പിഴ ഈടാക്കാവുന്നതാണ്.
2. രണ്ടാമത്തെ ലംഘനത്തിന് 2500/- രൂപ പിഴ ഈടാക്കാവുന്നതാണ്.
3. ലംഘനം തുടർന്നാൽ ഓരോ ദിവസത്തിനും 100/- രൂപ വീതം പിഴ ഈടാക്കാവുന്നതാണ്.
4. ബൈലോ ലംഘിച്ചാൽ നിയമാനുസരണം പ്രോസിക്യൂഷൻ ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. ലൈസൻസ് ഇല്ലാതെ വളർത്തുന്ന മൃഗങ്ങളെ പിടിച്ചെടുക്കാനുള്ള അധികാരം നഗരസഭയ്ക്ക് ഉണ്ടായിരിക്കും. അത്തരത്തിൽ പിടിച്ചെടുക്കുന്ന വളർത്തുമൃഗങ്ങളെ നഗരസഭയ്ക്ക് പൊതുലേലത്തിൽ വെയ്ക്കാവുന്നതും, ആയതിൽ നിന്നും ലഭിക്കുന്ന വരുമാനം നഗരസഭയുടെ ചിലവ്, ഫീസ്, പിഴ എന്നിവ കഴിച്ച് ബാക്കി തുക ഉടമസ്ഥന് കൈമാറാവുന്നതാണ്.
6. പിടിച്ചെടുക്കുന്ന മൃഗങ്ങൾക്ക് 2 ദിവസത്തിനകം ലൈസൻസ് പുന:സ്ഥാപിക്കുന്നപക്ഷം /ലൈസൻസ് എടുക്കുന്നപക്ഷം ചിലവും, പിഴയുമായി 500/- രൂപ ഈടാക്കി തിരികെ നൽകാവുന്നതാണ്. എന്തെങ്കിലും കാരണവശാൽ ൽ മൃഗങ്ങളെ 2 ദിവസത്തിനുശേഷവും നഗരസഭ പരിപാലിക്കുന്നുണ്ടെങ്കിൽ ഓരോദിവസവും 200/- രൂപ വീതം ചിലവിനത്തിൽ ഈടാക്കുന്നതാണ്.
7. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മൃഗങ്ങളെ പിടിച്ചെടുക്കാവുന്നതാണ്. 3 ദിവസത്തിനകം 1000/- രൂപ അധികപിഴ അടച്ച് ലൈസൻസ് കരഗതമാക്കാത്തപക്ഷം മൃഗങ്ങളെ ലേലത്തിൽ വെയ്ക്കാവുന്നതും ലഭിക്കുന്ന തുക, ചിലവ്, ഫീസ്, പിഴ എന്നിവയ്ക്ക് വകയിരുത്തി ബാക്കി ഉടമസ്ഥന് നൽകാവുന്നതുമാണ്.

## XV ബൈലോ ഭേദഗതി

ബൈലോ ഭേദഗതി നടത്തുന്നതിനും കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**29/09/2021**

<u>**അനുബന്ധം**</u>

**ഫോറം–1 (തിരുവനന്തപുരം നഗരസഭ വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് അപേക്ഷാഫോറം)**

| | | | | |
|---|---|---|---|---|
| രസീത് നമ്പർ | | | | |
| <u>ഉടമസ്ഥന്റെ വിവരങ്ങൾ</u> | | | | |
| പേര് | | | | |
| ജില്ല | തിരുവനന്തപുരം | നഗരസഭ | തിരുവനന്തപുരം നഗരസഭ | |
| ഹെÂത്ത് സർക്കിൾ | | വാർഡ് നമ്പർ | | |
| റസിഡന്റ്സ് അസോസ്സിയേഷൻ | | | | |
| സ്ഥാപനത്തിന്റെ പേര് (ബാധകമാണെങ്കിൽ | | | | |
| ഫോൺ നമ്പർ | | ഇ–മെയിൽ ഐഡി | | |
| വിലാസം | | | | |
| തിരിച്ചറിയൽ രേഖ | | തിരിച്ചറിയൽ രേഖയുടെ നമ്പർ | | |
| വളർത്തുമൃഗത്തിന്റെ വിവരങ്ങൾ | | | | |
| മൈക്രോചിപ്പ് നമ്പർ | | പേര് | | |
| ഇനം **ബ്രീഡ്** | | | ലിംഗം | വയസ്സ് |
| നിറം | | തിരിച്ചറിയൽ അടയാളം | | |

| | | | | | |
|---|---|---|---|---|---|
| വന്ധ്യംകരിച്ചിട്ടുണ്ടോ | ഉണ്ട് | ഇല്ല | വന്ധ്യം കരിക്കാനുള്ള സമ്മതം | ഉണ്ട് | ഇല്ല |
| **പ്രതിരോധകുത്തിവെപ്പ് നൽകിയതിന്റെ വിവരങ്ങൾ** | | | | | |
| പേ വിഷ ബാധക്കെതിരെയുള്ള കുത്തിവെപ്പ് നÂകിയിട്ടുോ | | പേ വിഷബാധക്കെതിരായ കുത്തിവെപ്പ് നൽകിയ തീയതി | | | |
| വാക്സിന്റെ പേരും, ബാച്ച് നമ്പറും | | വാക്സിന്റെ കാലാവധി തീരുന്ന ദിവസം | | | |

**ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ**

വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് / ലൈസൻസ് പുതുക്കÂ

<u>**സത്യപ്രസ്താവന**</u>

മേൽപ്പറഞ്ഞ കാര്യങ്ങൾ എന്റെ അറിവിലും,ബോധ്യത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: ഒപ്പ്

തീയതി: പേരും വിലാസവും

**ഫോറം – 2 (തിരുവനന്തപുരം നഗരസഭ (ബ്രീഡർ ലൈസൻസിനുള്ള അപേക്ഷഫോറം)**

| | | | | | |
|---|---|---|---|---|---|
| രസീത് നമ്പർ | | | | | |
| **ഉടമസ്ഥന്റെ വിവരങ്ങൾ** | | | | | |
| ജില്ല | | | നഗരസഭ | | |
| ഹെൽത്ത് സർക്കിൾ | | | വാർഡ് | | |
| റെസിഡന്റ്സ് അസോസിയേഷൻ | | | | | |
| ഫോൺ നമ്പർ | | | ഇമെയിൽ ഐ.ഡി | | |
| തിരിച്ചറിയൽ രേഖ | | | തിരിച്ചറിയൽ രേഖയുടെ നമ്പർ | | |
| **ബ്രീഡർ കേന്ദ്രത്തിന്റെ വിവരങ്ങൾ** | | | | | |
| സ്ഥാപനത്തിന്റെ പേര് | | | സ്ഥിതി ചെയ്യുന്ന സ്ഥലം | | |
| വാർഡ് | | | ജോലിക്കാരുടെ എണ്ണം | | |
| **വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ** | | | | | |
| Species | | | ബ്രീഡ് | | |
| എണ്ണം | | ആൺ | | പെൺ | |
| പ്രതിരോധ കുത്തിവെപ്പ് നÂകിയിട്ടുണ്ടോ | | | | | |

| **ഓരോ വളർത്തുമൃഗത്തിന്റെയും വിശദവിവരങ്ങൾ** | | | | | |
|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 |
| പേര് | | | | | |
| Species | | | | | |
| ബ്രീഡ് | | | | | |
| നിറം | | | | | |
| തിരിച്ചറിയാനുള്ള അടയാളം | | | | | |
| മൈക്രോചിപ്പ് നമ്പർ | | | | | |
| പേ വിഷ പ്രതിരോധ കുത്തിവെയ്പ് നൽകിയ തീയതി | | | | | |
| 5–ൽ കൂടുതൽ വളർത്തുമൃഗങ്ങൾ ഉണ്ടെങ്കിൽ വിവരങ്ങൾ വെള്ള കടലാസിൽ എഴുതി സമർപ്പിക്കണം | | | | | |
| ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ | പുതിയ ലൈസൻസ്/ലൈസൻസ് പുതുക്കൽ | | | | |
| മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | | | | | |

**<u>സത്യപ്രസ്താവന</u>**

മേൽപറഞ്ഞ കാര്യങ്ങൾ എന്റെ അറിവിലും, ബോദ്ധ്യത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: ഒപ്പ്:
തീയതി: പേരും വിലാസവും:

**ഫോറം – 3 (തിരുവനന്തപുരം നഗരസഭ മൃഗപരിപാലന/സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷാഫോറം)**

| | | | |
|---|---|---|---|
| രസീത് നമ്പർ | | | |
| **സ്ഥാപന ഉടമസ്ഥന്റെ വിവരങ്ങൾ** | | | |
| ജില്ലാ | | നഗരസഭ | |
| ഹെൽത്ത് സർക്കിൾ | | വാർഡ് | |
| റെസിഡന്റ്സ് അസോസിയേഷൻ | | | |
| ഫോൺ നമ്പർ | | ഇമെയിൽ ഐ.ഡി | |
| തിരിച്ചറിയൽ രേഖ | | തിരിച്ചറിയൽ രേഖയുടെ നമ്പർ | |
| **ബ്രീഡർ കേന്ദ്രത്തിന്റെ വിവരങ്ങൾ** | | | |
| മൃഗപരിപാലനവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | | | |

| | | | | |
|---|---|---|---|---|
| സ്ഥാപനത്തിന്റെ പേര് | | സ്ഥിതി ചെയ്യുന്ന സ്ഥലം | | ഉടമസ്ഥാവകാശം സ്വന്തം/വാടക |
| വാർഡ് | | ജോലിക്കാരുടെ എണ്ണം | | |
| കെട്ടിടത്തിന്റെ റ്റി.സി. നമ്പർ | | വിസ്തീർണ്ണം | | |
| ട്രേഡ് ലൈസൻസിന്റെ വിവരങ്ങൾ (ബാധകമെങ്കിൽ) | | | | |
| AWBI (animal welfare Board of India)അംഗീകാരം ലഭിച്ചിട്ടുണ്ടോ | | | | |

| |
|---|
| ശല്യം കുറയ്ക്കുവാനും / മാലിന്യം സംസ്ക്കരിക്കുവാനുമുള്ള സംവിധാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ |
| പരിപാലന/സംസ്ക്കരണ കേന്ദ്രത്തിൽ ഒരുക്കിയിട്ടുളള സുരക്ഷാ സംവിധാനങ്ങളെ പ്പറ്റിയുള്ള വിവരങ്ങൾ |
| **പരിപാലന/സംരക്ഷണ കേന്ദ്രത്തിൽ ഉള്ള വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ** |

| | | | | | |
|---|---|---|---|---|---|
| Species | | | ബ്രീഡ് | | |
| എണ്ണം | | ആൺ | | പെൺ | |
| പ്രതിരോധ കുത്തിവെപ്പ് നൽകിയിട്ടുണ്ടോ | | | | | |
| ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ | പുതിയ ലൈസൻസ്/ ലൈസൻസ് പുതുക്കൽ | | | | |

**<u>സത്യപ്രസ്താവന</u>**

മേൽപറഞ്ഞ കാര്യങ്ങൾ എന്റെ അറിവിലും, ബോദ്ധ്യത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: ഒപ്പ്:
തീയതി: പേരും വിലാസവും:

ഫോറം–4

ബൈലോയിലെ പീഠിക XII (3) കാണുക

| ക്രമ നം. | അപേക്ഷകന്റെ പേരും വിലാസവും. | മൃഗത്തിനെ വളർത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിവരണം | | **വളർത്തുമൃഗത്തിന്റെ വിവരണം** | | | | ലൈസൻസ് ഫീ | ലൈസൻസ് നമ്പർ | ഫീ ഒടുക്കിയ രസീതിന്റ നമ്പറും തീയതിയും | | ലൈസൻസ് അനുവദിച്ച തീയതി | മൈക്രോ ചിപ്പ് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ഇനം | നിറം | വയസ് | ലിംഗം | വന്ധ്യംകരിച്ചതാണോ അല്ലയോ | | | | | | |
| | | | | | | | | | | | | | | |

വിഷയം പാസ്സായതായി മേയർ പ്രഖ്യാപിച്ചു.